പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1729 16-06-2014-ൽ മറുപടി നൽകേണ്ടിയിരുന്നത്

'നീര' ഉല്പാദന പദ്ധതിയിൽ കർഷകരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | കേരളത്തിൽ 'നീര' ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിലേക്ക് കർഷകരെയും തെങ്ങുകളും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവും സാധ്യമാക്കുന്നതിന് **The Kerala Sweet Toddy (NEERA) Rules, 2014** പ്രാബല്യത്തിൽ വന്നിട്ടുണ്ട്. തദനുസരണമായി 16 നീര യൂണിറ്റുകൾക്ക് എക്സൈസ് വകുപ്പ് ലൈസൻസ് നൽകി യിട്ടുണ്ട്. നാളികേര വികസന ബോർഡ് അംഗീകരിച്ചിട്ടുള്ള നാളികേര ഉല്പാദക ഫെഡറേഷനുകൾക്കാണ് നീര ഉല്പാദിപ്പിക്കുന്നതിന്, ലൈസൻസ് നൽകിയിട്ടുള്ളത്. പ്രസ്തുത ഫെഡറേഷന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നാളികേര ഉല്പാദകസൊസൈറ്റി അംഗങ്ങളുടെ തോട്ടങ്ങളിലെ തെങ്ങുകളാണ് നീര ചെത്തുന്നതിന് തെരഞ്ഞെടുക്കുന്നത്. ഇവയുടെ മാനദണ്ഡങ്ങൾ ടി ഫെഡറേഷനുകളാണ് തീരുമാനിക്കുന്നത്. |
| (ബി) | ഇതിനായി സർക്കാർ വകുപ്പുകളെയോ, സ്ഥാപനങ്ങളെയോ, ഏജൻസികളെയോ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ബോണഫൈഡ് ജാഗറി ഉൽപാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് & മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ, കേരള കാർഷിക സർവ്വകലാശാല, അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവർക്കാണ് നീര ഉല്പാദനത്തിനും വിപണനത്തിനും അനുമതി നൽകിയിട്ടുള്ളത്. |
| (സി) | 'നീര' ഉല്പാദനത്തിനായി വിട്ടുകൊടുക്കുന്ന തെങ്ങിനുള്ള പ്രതിഫലം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഒരു തെങ്ങിന് ഒരു മാസത്തേക്ക് എത്ര രൂപയാണ് പ്രതിഫലമായി കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | വൃക്ഷകരത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ